LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം

213 (2313) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന് വിഭാവനം ചെയ്തതു പ്രകാരം സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന 133 സ്ഥാപനങ്ങൾക്കും കായിക യുവജനകാര്യ ഡയറക്ടർ മുഖേന 144 സ്ഥാപനങ്ങൾക്കും കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ധനസഹായം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

കൊല്ലം-പുനലൂർ റെയിൽ റൂട്ടിലെ അടിസ്ഥാന സൗകര്യങ്ങൾ

214 (2314) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊല്ലം-പുനലൂർ റെയിൽറൂട്ടിൽ ആവശ്യമായ അടിസ്ഥാന സൗകര്യമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് റെയിൽവേ അധികാരികളെ അടിയന്തരമായി അറിയിച്ച് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റെയിൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജ്

215 (2315) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജിന്റെ റെയിൽവേ ലൈനിന് മുന്നിലുള്ള സ്പാനിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്